# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 595 — 29.05.2019 ൽ മറുപടിക്ക്

## ഇടത്തരം ചെറുകിട സൂക്ഷ്മ വ്യവസായ സംരംഭങ്ങളുടെ പുനരുദ്ധാരണം

ചോദ്യം — ഉത്തരം

ശ്രീ.അൻവർ സാദത്ത് — ശ്രീ. ഇ.പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ഈ സർക്കാർ നിലവിൽ വന്നശേഷം ഇടത്തരം ചെറുകിട സൂക്ഷ്മ വ്യവസായ സംരംഭങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) | ചെറുകിട സൂക്ഷ്മ വ്യവസായ സംരംഭങ്ങളുടെ ഉന്നമനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>• കേരളത്തെ വ്യവസായ സൗഹൃദമാക്കുന്നതിനായി വ്യവസായ സംരംഭകർക്ക് ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് സഹായകരമായ വിധത്തിൽ വിവിധ വകുപ്പുകളിൽ നിലവിലുള്ള നിയമങ്ങളിൽ അവശ്യം ഭേദഗതി വരുത്തി "2018-ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും (2:ാം നമ്പർ)" നിയമം പുറപ്പെടുവിച്ചിട്ടുണ്ട്.<br>• വ്യവസായം ആരംഭിക്കുന്നതിലേക്കായിട്ടുള്ള വിവിധ വകുപ്പുകളുടെ ക്ലിയറൻസുകൾ ലഭ്യമാക്കുന്നതിലേക്കായി K-Swift എന്ന ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി<br>• മികച്ച സംരംഭകരെ വളർത്തിയെടുക്കുന്നതിലേക്കായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ED Club കൾ സ്ഥാപിച്ചു.<br>• കൂടുതൽ പേരെ സംരംഭകർ ആക്കുന്നതിലേക്കായി താലൂക്ക് ജില്ലാ തലങ്ങളിൽ സംരംഭകത്വ വികസന പരിശീലന പരിപാടികൾ, വിവിധ മേഖലകളിൽ സാങ്കേതിക പരിശീലനങ്ങൾ, നൈപുണ്യ പരിശീലനങ്ങൾ, നിക്ഷേപക സംഗമം എന്നിവ നടത്തി വരുന്നു.<br>• വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ അധീനതയിലുള്ള വ്യവസായ എസ്റ്റേറ്റുകൾ/ പ്ലോട്ടുകൾ എന്നിവ പരമാവധി യൂണിറ്റുകൾക്ക് അനുവദിച്ചിട്ടുണ്ട്.<br>• കൂടുതൽ യൂണിറ്റുകൾ അനുവദിക്കുന്നതിലേക്കായി PPP മോഡലിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ബഹു.നില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് അടിസ്ഥാന സൗകര്യം വിപുലപ്പെടുത്തി കൂടുതൽ തൊഴിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>മേൽ വിവരിച്ചതിനു പുറമെ 2017 -18 മുതൽ നാനോ ഹൗസ് ഹോൾഡ് പലിശ സബ്സിഡി അനുവദിക്കുന്ന പദ്ധതിയും തകർച്ച നേരിടുന്ന എം.എസ്.എം.ഇ. കളുടെ പുനരുദ്ധാരണ പദ്ധതിയും |

| | | | |
|---|---|---|---|
| | | | ആർട്ടിസാൻസ് മേഖലയിലെ യൂണിറ്റുകൾക്ക് ആശാ പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. |
| ബി) | ഇതിലൂടെ ഈ രംഗത്ത് എത്ര കോടിരൂപയുടെ നിക്ഷേപവും പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ; | ബി) | 3804.55 കോടി രൂപയുടെ നിക്ഷേപവും 151072 തൊഴിലവസരങ്ങളും സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| സി) | പ്രളയത്തിൽ നശിച്ച ഇത്തരം യൂണിറ്റുകളുടെ പുനരുദ്ധാരണത്തിന് പ്രത്യേക പാക്കേജ് നടപ്പിലാക്കിയിട്ടുണ്ടോ; എത്ര കോടിരൂപയാണ് ഈ പാക്കേജ് പ്രകാരം അനുവദിച്ചത്; | സി) | 17/12/2018 ലെ സ.ഉ (കൈ)27/2018/DMD ഉത്തരവ് പ്രകാരം 2018 -ലെ പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവനമാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിലേക്കായി സർക്കാർ **'ഉജ്ജീവന സഹായ പദ്ധതി '** പ്രഖ്യാപിച്ച് നടപ്പിലാക്കി വരികയാണ്. പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചതായി വ്യവസായ വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തിരം നടത്തിയ സർവ്വേയിൽ ഉൾപ്പെട്ട ചെറുകിട ഇടത്തരം വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ , കടകൾ എന്നിവ അവരുടെ സ്ഥാപനത്തിന്റെ പുനരാരംഭത്തിനായി ഈ പദ്ധതി പ്രയോജനപ്പെടുത്തി വരികയാണ്.<br><br>കൂടാതെ പ്രളയം ബാധിച്ച സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള സഹായം (പ്രളയ പുനരുദ്ധാരണ പദ്ധതിവിഹിതം 1000 ലക്ഷം), പ്രളയം ബാധിച്ച സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ യൂണിറ്റുകൾക്കുള്ള പലിശ ധനസഹായം (പ്രളയ പുനർ നിർമ്മാണ പദ്ധതി :വിഹിതം 600 ലക്ഷം)എന്നീ പദ്ധതികൾ കൂടി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു<br><br>22.02.2019-ലെ സ.ഉ (കൈ)നം.17/2019/വ്യവ ഉത്തരവ് പ്രകാരം വായ്പകളുടെ മാർജിൻ മണി കുടിശ്ശിക 20.02.2019 മുതൽ 30.04.2019 വരെയുള്ള കാലയളവിൽ ഒറ്റ തവണയായി പൂർണ്ണമായും അടച്ചു തീർക്കുന്നവർക്ക് പിഴ പലിശ പൂർണ്ണമായും ഒഴിവാക്കുകയും , വായ്പകളുടെ മാർജിൻ മണി കുടിശ്ശിക 30.04.2019 നകം ഒറ്റ തവണയായി അടച്ചു തീർക്കുന്നവർക്ക് മാർജിൻ മണിയുടെ സാധാരണ പലിശയുടെ 50% തുക ഇളവും അനുവദിച്ചിരുന്നു. |
| ഡി) | ഈ മേഖലയിൽ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾക്ക് പുറമെയാണോ സംസ്ഥാന സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | ഡി) | വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി പൂർണ്ണമായും സംസ്ഥാന ആവിഷ്കൃത പദ്ധതിയാണ്. |

**സെക്ഷൻ ഓഫീസർ**